കൃഷ്ണൻ നായരെപ്പറ്റിയും ഈ സംഭവവുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളും എല്ലാം വിശദമായി അന്വേഷിച്ച് നിയമാനുസൃതമായി ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ് ; എന്നറിയിക്കുന്നു.

(7) മലക്കപ്പാറ എസ്റ്റേറ്റിലെ തൊഴിലാളിയെ മർദ്ദിച്ച സംഭവം

ശ്രീ. വി.കെ. രാജൻ : സർ, മലക്കപ്പാറയിലെ ഒരു തൊഴിലാളിയായ രാമസ്വാമിയെന്നയാളെ ഈ കഴിഞ്ഞ 18-ാം തീയതി ഏഴ് മണി സമയത്ത് ഭാര്യ സമേതം കടയിലേക്ക് വരുന്ന അവസരത്തിൽ മദ്യപിച്ച് ലക്കില്ലാതെ അതു വഴിവന്ന കോടനാട് റേഞ്ചിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരായ ജോർജ്ജ്, ചന്ദ്രശേഖരൻ, കർത്താ, കെ. ജെ. ജോർജ്ജ് എന്നിവർ ചേർന്ന് ജനങ്ങളെ നോക്കി നിൽക്കെ നടുറോഡിൽ ഇട്ട് അതിക്രൂരമായി മർദ്ദിച്ചു. മർദ്ദനത്തിന്റെ ഫലമായി ബോധരഹിതനായി വീണ രാമസ്വാമിയെ മർദ്ദകർ ചേർന്ന് തൂക്കിയെടുത്ത് അകലെയുള്ള കൊക്കയിലിട്ടു, ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ തയ്യാറായില്ല. അതിനെത്തുടർന്ന് അവിടത്തെ നാട്ടുകാരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമെല്ലാം കൂടി ചേർന്ന് ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിലാക്കിയിട്ടും ആദ്യം പോലീസ് തിരിഞ്ഞുനോക്കിയില്ല. അവസാനം ടാറാമാനേജർ പോലീസ് സ്റ്റേഷനിൽ ചെന്ന് പറഞ്ഞതനുസരിച്ചാണ് പോലീസ് വന്നത്. ഇക്കാര്യത്തിൽ പോലീസ് തികഞ്ഞ അനാസ്ഥയാണ് കാണിച്ചത്. ശങ്കരൻ കുട്ടിയെന്നുപറയുന്ന ഒരു ഹെഡ് കോൺസ്റ്റബിളാണ് അതിക്രൂരമായ മർദ്ദനങ്ങൾക്ക്. നേതൃത്വം കൊടുക്കുന്നത്. പണിഷ്മെന്റ് ട്രാൻസ്ഫറായി വരുന്ന ആളുകാണ് മലക്കപ്പാറ പോലീസ് സ്റ്റേഷനിലുള്ളത്. തമിഴ്നാടിന്റെ അതിർത്തിയിലുള്ള ഒരു പോലീസ് സ്റ്റേഷനാണ് ഇത്. അവിടം പണിഷ്മെന്റ് ട്രാസ്ഫറായി വരുന്ന ആളുകളുടെ ഒരു താവളമാണ്. അവിടത്തെ സബ് ഇൻസ്പെക്ടർ സദാ സമയവും കുടിക്കുന്ന ഒരാളാണ്. അവർക്ക് എങ്ങനെയെങ്കിലും അവിടെ നിന്ന് സ്ഥലം മാറി പോകണമെന്നാണ് ആഗ്രഹം. ഈ കാര്യത്തിൽ കാര്യക്ഷമമായി അന്വേഷണം നടത്തി അതോടൊപ്പം തന്നെ ഈ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ തക്കതായ നടപടികളും സ്വീകരിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്. ശങ്കരൻ കുട്ടിയെ സസ്പെൻഡ് ചെയ്യാനുള്ള നടപടികളും കൈക്കൊള്ളണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇടമലയാർ വനംവകുപ്പിലെ ഗാർഡുമാരായ ചന്ദ്രശേഖരൻ തുടങ്ങിയവർ സാധാരണ നിലയിൽ ഡ്യൂട്ടി നോക്കുകയായിരുന്നു. അങ്ങനെ ഡ്യൂട്ടി നോക്കുന്ന അവസരത്തിൽ രാമസ്വാമി എന്നൊരാളെ കാട്ടിൽ നിന്ന് വിറക് വെട്ടിക്കൊണ്ടുപോകുന്നത് കണ്ടു. ഇവർ അദ്ദേഹത്തെ പിടികൂടാൻ ശ്രമിച്ചു. അദ്ദേഹം വിറക് ഇട്ടിട്ട് ഓടിക്കളയുകയാണ് ചെയ്തത്. അതേത്തുടർന്ന് അവിടെയുണ്ടായിരുന്ന ഒരു ഇസ്മയിലിന്റെ നേതൃത്വത്തിൽ ഏതാനും ആളുകളും അവരുടെ നേരെ കൈയേറ്റം നടത്തുകയും അവരെ തടഞ്ഞുവച്ച് മർദ്ദിക്കുകയും രാത്രി 8.30 മണി മുതൽ പിറ്റേദിവസം കാലത്ത് 8 മണിവരെ അവരെ തടഞ്ഞുവയ്ക്കുകയും ചെയ്തു. ആ വിവരമറിഞ്ഞ് മലക്കപ്പാറ പോലീസ് സ്റ്റേഷനിൽ നിന്ന് പോലീസ് പാർട്ടി വന്ന് അവരെ വിടുവിക്കുകയാണ് ചെയ്തത്. ഇതേത്തുടർന്ന് രാമസ്വാമിയുടെ ഭാര്യ, ഫോറസ്റ്റുകാർ മർദ്ദിച്ചു എന്നുപറഞ്ഞ് നൽകിയ പരാതിയെത്തുടർന്ന് ഫോറസ്റ്റുകാരുടെ പേരിലും ഫോറസ്റ്റുകാരെ ഈ ആളുകളും മർദ്ദിച്ചു എന്നതിന്റെ പേരിൽ പത്ത്, അൻപതോളം നാട്ടുകാരുടെ പേരിലും കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഏതായാലും അതേക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly